**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **10-02-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം പ്ലാമുടി-ഇരുമലപ്പടി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന പ്ലാമുടി-ഇരുമലപ്പടി റോഡ് (പ്ലാമുടി-ഊരംകുഴി റോഡ്) നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | 20/08/2016-ലെ G.O (Rt) No. 1192/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്ലാമുടി - കോട്ടപ്പടി - പാനിപ്ര – ഇരുമലപ്പടി - ഊരംകുഴി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തിയ്ക്ക് 17.01.2018-ലെ APR-1/30/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 22.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ലഭിച്ചിട്ടുണ്ട്. 01/08/2018 തീയതിയിലെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിച്ചിരുന്നെങ്കിലും, കെ.ആർ.എഫ്.ബി പ്രോജക്റ്റ് ഡയറക്ടറുടെ 29/11/2022-ലെ നടപടിക്രമ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നു. തുടർന്ന് പ്ലാമുടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്, 25/09/2023-ന് നടന്ന 140–ാമത് ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിരുന്നു. ബാലൻസ് പ്രവൃത്തി 02/09/2024-ന് ടെണ്ടർ ചെയ്തെങ്കിലും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത തുക അനുവദനീയമായ പരിധിയിലും കൂടുതലായതിനാൽ 09/10/2024-ലെ 54–ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി ടി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി 10/10/2024-ന് റീ-ടെണ്ടർ ചെയ്തെങ്കിലും ക്വോട്ട് ചെയ്ത തുക കുറക്കാൻ L1 കരാറുകാരൻ തയ്യാറാകാത്തതിനാൽ 30/10/2024-ന് വീണ്ടും റീ-ടെണ്ടർ ചെയ്യുകയും, അംഗീകാരത്തിനായി 13/01/2025-ന് 56–ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിൽ ടെൻഡർ ചെയ്തത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്ന് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | അഭിപ്രായപ്പെടുകയും, ആയത് പരിശോധിച്ച് അടുത്ത ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിട്ടുള്ളത്. |
| (ബി) | സാങ്കേതിക നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ലഭിക്കുന്ന മുറക്ക് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ